No. 18b/2008/C-04 Dated: 21.09.2008

# ഒക്ടോബർ 2008

*ദൈവത്തിന് സ്തുതി!*

*ദൈവജനത്തിനു സമാധാനം!*

വന്ദ്യവൈദീകരേ, പ്രിയ മക്കളേ,

നമ്മുടെ അതിരൂപതയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു മാസമാണ് ഒക്ടോബർ മാസം.

- അതിരൂപതാ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചു ത്രേസ്യായുടെ തിരുനാളോടുകൂടിയാണ് ഈ മാസം ആരംഭിക്കുന്നത്.
- വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളോടനുബന്ധിച്ച് അതിരൂപതാദിനം ആഘോഷിക്കുന്ന ഒരു പതിവും നമുക്കുണ്ട്.
- ഒക്ടോബർ മാസം 18-ാം തിയതി സാർവ്വത്രിക സഭയോടൊപ്പം നാം മിഷൻ ഞായർ ആചരിക്കുന്നു.
- ദൈവവചന വർഷവും വിശുദ്ധ പൗലോസിന്റെ വർഷവും ആചരിക്കുന്ന ഈ സന്ദർഭത്തിൽ മിഷൻ ഞായറോടനുബന്ധിച്ച് നമ്മുടെ വചന പ്രഘോഷണ പരിപാടികൾ ഒന്നുകൂടി സജീവമാക്കേണ്ടിയിരിക്കുന്നു.
- ഈ വർഷം ഡിസംബർ മാസം അവസാനം നടക്കുവാനിരിക്കുന്ന പാരിഷ് കൗൺസിൽ, സാമ്പത്തിക സമിതി തുടങ്ങിയവയുടെ തെരഞ്ഞെടുപ്പിനായുള്ള മുന്നൊരുക്ക പരിപാടികളും ഈ ഒക്ടോബർ മാസം തന്നെ തുടങ്ങാൻ ഉദ്ദേശിച്ചിരിക്കുകയാണ്.
- വീണ്ടും, ജപമാലഭക്തി പ്രോത്സാഹിപ്പിച്ചുകൊണ്ട് നമ്മുടെ കുടുംബങ്ങളിൽ പ്രാർത്ഥനാനുഭവം ഒന്നുകൂടി ആഴമാക്കേണ്ട ഒരവസരമാണല്ലോ ഒക്ടോബർ മാസം.

1. ഒക്ടോബർ മാസം ഒന്നാം തിയതി അതിരൂപതയുടെ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സമുചിതമായി ആചരിക്കണം. ഒക്ടോബർ 5-ാം തിയതി ഞായറാഴ്ച്ച അതിരൂപത കേന്ദ്രത്തിൽ നിന്നും തയ്യാറാക്കി അയച്ചുതരുന്ന ദിവ്യബലി ക്രമമനുസരിച്ച് വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിക്കണം. അന്ന് ദിവ്യബലിക്കു മുമ്പ് പേപ്പൽ പതാക ഉയർത്തുകയും പാപ്പാമംഗളം ആലപിക്കുകയും ചെയ്തുകൊണ്ട് വിശുദ്ധ കൊച്ചുത്രേസ്യായോടുള്ള ബഹുമാനവും അതിരൂപതയോടുള്ള സ്നേഹവും പ്രകടിപ്പിക്കുന്നത് ഉചിതമായിരിക്കും.

സന്ദർഭോചിതമായ മറ്റു പരിപാടികളും കൂട്ടിചേർക്കുവാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

2. വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് നാം നടത്താറുള്ള അതിരൂപതാതല ആഘോഷങ്ങൾ ഇക്കൊല്ലം അതിരൂപതാ കൗൺസിലിന്റെ ഉപദേശപ്രകാരം വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാളും സമുദായ ദിനവുമായി ആചരിക്കുന്ന ഡിസംബർ 7-ാം തിയതി ഞായറാഴ്ച്ചത്തേയ്ക്കു മാറ്റി വച്ചിരിക്കുന്നു. അന്നത്തെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുവാൻ എനിക്കു സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. വചന വർഷത്തിന്റെ ആഘോഷമായ പരിസമാപ്തിയും അന്നു തന്നെയായിരിക്കും. ദൈവം നമ്മിൽ പലവിധത്തിൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങൾക്ക് അവിടുത്തേയ്ക്ക് നന്ദിയർപ്പിക്കാനുള്ള ഒരു അവസരം കൂടിയായിരിക്കും അത്.

3. ഒക്ടോബർ മാസം 19-ാം തിയതി മിഷൻ ഞായറാഴ്ച്ചയായി നാം ആചരിക്കുന്നു. ലോകം മുഴുവനെയും യേശുവിന്റെ സ്നേഹസുവിശേഷമറിയിക്കാനുള്ള ദൗത്യത്തെക്കുറിച്ച് ഓരോ ക്രൈസ്തവനും ഗൗരവമായി ചിന്തിക്കുന്ന പുണ്യദിനമാണത്. ലോകമാസകലമുള്ള പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായി നാം പ്രാർത്ഥിക്കുന്നുണ്ട്; പരിത്യാഗ പ്രവൃത്തികൾ അനുഷ്ഠിക്കുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു രൂപതയാണ് നമ്മുടെ അതിരൂപത. എങ്കിലും നമ്മെക്കാൾ മെച്ചമായ ഇന്ത്യയിലെ പല രൂപതകളും സമാഹരിക്കുന്നതിനേക്കാൾ വലിയൊരു തുക വർഷം തോറും സമാഹരിച്ച് പ്രേഷിത പ്രവർത്തനങ്ങൾക്കായി റോമിലെ തിരുസംഘത്തിന് അയച്ചുകൊടുക്കുവാൻ നമുക്ക് സാധിക്കുന്നുണ്ട്. നിങ്ങളുടെ ത്യാഗമനോഭാവത്തെയും, പ്രേഷിത ചൈതന്യത്തെയും ഞാൻ അഭിനന്ദിക്കുന്നു.

എന്നാൽ ഇതുകൊണ്ട് എല്ലാമായി എന്ന് നാം കരുതുന്നുണ്ടോ? നമ്മുടെതന്നെ ഭവനങ്ങളിൽ, സമൂഹങ്ങളിൽ വിശ്വാസവും വചനാനുഭവവും എത്രമാത്രം വേരൂന്നിയിട്ടുണ്ടെന്ന് നാം വിലയിരുത്തിയിട്ടുണ്ടോ? ഒരിക്കൽ ഒരു വിദേശ മിഷണറി ഇപ്രകാരം വിലപിക്കുന്നത് കേൾക്കാനിടയായി: ''ഞങ്ങൾ വീടും നാടും ഉപേക്ഷിച്ച് വിദേശരാജ്യങ്ങളിൽ അനേകരോട് സുവിശേഷം പ്രസംഗിച്ചു; യേശുവിന്റെ സ്നേഹാനുഭവം അവർക്കെല്ലാം പകർന്നുകൊടുത്തു. വർഷങ്ങൾ കഴിഞ്ഞ് മടങ്ങി വീട്ടിലെത്തിയപ്പോൾ കണ്ടകാഴ്ച്ച ഞങ്ങളെ ഞെട്ടിപ്പിച്ചു. ഞങ്ങളുടെ തന്നെ ഭവനങ്ങളിൽ നിന്നും ഈ വിശ്വാസം ചോർന്നുപോയിരിക്കുന്നു. ഞങ്ങളുടെ മരുമക്കളും നിരവധി കുടുംബാംഗങ്ങളും യേശുവിനെയും അവിടുത്തെ സുവിശേഷത്തെയും അവഗണിച്ച് ഭൗതികമായ സുഖഭോഗങ്ങൾക്ക് അടിമപ്പെട്ടുപോയ ഒരു അവസ്ഥയായിരിക്കുന്നു''. പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കുന്നുവെന്നഭിമാനിക്കുന്ന നാം ഇത്തരമൊരു സ്ഥിതിവിശേഷം നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും ഉണ്ടാകാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കുന്നുണ്ടോ?

നമ്മുടെ കുടുംബങ്ങളിൽ ആരാണ് സുവിശേഷ പ്രഘോഷണം നടത്തേണ്ടX? പ്രഥമവും പ്രധാനവുമായി മാതാപിതാക്കൾ തന്നെ. ഭവനത്തിനുള്ളിൽ വേദപുസ്തകം പൂജ്യമായി

പ്രതിഷ്ഠിക്കുക, നിരന്തരം വചനത്തെക്കുറിച്ചു ധ്യാനിക്കുക, പ്രത്യേകിച്ചും കുടുംബ പ്രാർത്ഥനയുടെ ഇടയ്ക്ക് വചനം വായിച്ച് വചനാനുഭവം കുടുംബാംഗങ്ങളുമായി പങ്കുവയ്ക്കുക, ആഹാരം കൊടുക്കുന്നതുപോലെ തന്നെ വചന ഗ്രന്ഥത്തിലെ സാരോപദേശകഥകളും മറ്റു സദുപദേശങ്ങളും മക്കൾക്ക് പകർന്നു കൊടുക്കുക, വചനാനുഭവത്തിനനുസൃതമായി സുകൃതങ്ങളിൽ വളരുവാനും ഈ വചനാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും അവരെ പ്രേരിപ്പിക്കുക, മതബോധന ക്ലാസുകളിൽ കൃത്യമായി മക്കളെ അയയ്ക്കുക, വർഷത്തിലൊരിക്കലെങ്കിലും വചനാനുസൃതമായ ഒരു ധ്യാനം കൂടുവാൻ മക്കളെ പ്രോത്സാഹിപ്പിക്കുക - ഈ വക കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന മാതാപിതാക്കൾ നമ്മുടെ ഇടയിൽ ധാരാളമു - l. നമ്മുടെ അതിരൂപതയുടെ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കൾ ഇത്തരക്കാരായിരുന്നു. മക്കൾക്ക് അവർ നൽകിയ പരിശീലനത്തിൽ സംതൃപ്തയായ തിരുസഭ അവരെ എല്ലാ മാതാപിതാക്കൾക്കും ഒരു മാതൃകയായി അവതരിപ്പിക്കുകയാണ്. ഇക്കൊല്ലത്തെ മിഷൻ ഞായറാഴ്ച്ചയുടെ ഒരു പ്രധാന സവിശേഷത ഇതാണ്. അന്നേദിവസം വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ ലൂയി മാർട്ടിനും സെലിൻ ഗ്വെരിനും വാഴ്ത്തപ്പെട്ടവരുടെ പട്ടികയിലേയ്ക്ക് ഉയർത്തപ്പെടും. മക്കളെ ദൈവാനുഭവത്തിൽ വളർത്തുന്നതിന് വലിയ കഴിവോ സാമർത്ഥ്യമോ ആവശ്യമില്ല. സന്മനസ്സുള്ള എല്ലാ മാതാപിതാക്കൾക്കും ദൈവം ഈ കഴിവ് സമൃദ്ധമായി നല്കും. നമ്മുടെ എല്ലാ മാതാപിതാക്കളും വിശുദ്ധ കൊച്ചുത്രേസ്യായുടെ മാതാപിതാക്കളെ പോലെ ആയിരുന്നുവെങ്കിലോ എന്ന് ആശിച്ചു പോവുകയാണ്. കുടുംബങ്ങളിൽ നമ്മുടെ മക്കൾ വചനാനുഭവത്തിൽ വളരാനുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുന്നു t - m? ഇന്ന് ദിവ്യബലികഴിഞ്ഞ്, ഭവനങ്ങളിലേയ്ക്ക് മടങ്ങിയ ശേഷം പ്രത്യേകിച്ചും സന്ധ്യാപ്രാർത്ഥനയുടെ അവസരത്തിൽ കുടുംബാംഗങ്ങളെല്ലാം ഒന്നുചേർന്ന് ഇതേക്കുറിച്ച് ഒരു ആത്മപരിശോധന നടത്തുന്നതും വേ - തീരുമാനങ്ങളെടുക്കുന്നതും ഉചിതമായിരിക്കും.

4. നമ്മുടെ ജനങ്ങൾ അവർ എത്രതന്നെ ദരിദ്രരായിരുന്നാലും നിരക്ഷരരായിരുന്നാലും മിക്കവാറും എല്ലാവരും തന്നെ യേശുവിനെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരാണ്; എങ്കിലും വചനാനുഭവത്തിൽ വളരേ - Xിനെ കുറിച്ചുള്ള അജ്ഞത നമ്മുടെ ഇടയിൽ ധാരാളമു - l. ഈ അജ്ഞത പരിഹരിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽ tI - Xl ഇടവക - രൂപത സംവിധാനങ്ങളുടെയും ശുശ്രൂഷകളുടെയും കടമയാണ്. നമ്മുടെ അജപാലന സമിതികളും സാമ്പത്തിക സമിതികളും ഏറ്റവുമധികം പ്രാധാന്യം നൽകേ - Xl വചനാനുസൃത ജീവിതം നയിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും സംവിധാനങ്ങൾ ഒരുക്കുവാനുമായിരിക്കണം. ഇതിനെ സഹായിക്കുവാനാണ് സഭ ദൈവവചന വർഷവും വിശുദ്ധ പൗലോസിന്റെ വർഷവുമൊക്കെ നിർദ്ദേശിച്ചു തരുന്നത്. ഈ ദൈവവചന വർഷത്തിൽ കേരളത്തിലെ വിവിധ രൂപതകൾ വചനാനുഭവത്തിൽ വളരാനുള്ള നൂറുകണക്കിന് പരിപാടികൾ ആസൂത്രണം ചെയ്ത് ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുകയു - mയി. മറ്റു രൂപതകളിൽ നിന്നും നമുക്ക് വളരെയേറെ പഠിക്കുവാനു - l. ദൈവവചന വർഷം ഈ വരുന്ന ഡിസംബർ മാസം അവസാനിക്കും. വിശുദ്ധ പൗലോസിന്റെ വർഷം അടുത്ത ജൂൺ മാസം വരെ തുടരും. ഇതുവരെയുള്ള

നമ്മുടെ കർമ്മപരിപാടികളെ വിലയിരുത്തുവാനും അവശേഷിക്കുന്ന മാസങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുവാനും ഒരു തീവ്രശ്രമം ഈ ഒക്ടോബർ മാസം തന്നെ നാം ആരംഭിക്കണം. അതിരൂപത ശുശ്രൂഷകളുടെ നേതൃത്വത്തിൽ സാധ്യമായ വിധങ്ങളിലെല്ലാം ഇടവക - ഫൊറോന തലങ്ങളിൽ ബൈബിൾ വിതരണം, ബൈബിൾ പഠന ക്ലാസുകൾ, ബൈബിൾ കൺവെൻഷൻ, ബൈബിൾ കലോത്സവം, ബൈബിൾ എക്സിബിഷൻ തുടങ്ങിയവ സംഘടിപ്പിക്കുവാൻ അതിരൂപതയിലെ എല്ലാ വൈദീകരും സന്യസ്തരും അല്മായരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

5. ഈ വരുന്ന ഡിസംബർ മാസം അവസാനത്തോടെ നമ്മുടെ എല്ലാ ഇടവകകളിലും പുതിയ അജപാലന സമിതികളുടെയും സാമ്പത്തിക സമിതികളുടെയും മറ്റു ശുശ്രൂഷകളുടെയും തെരഞ്ഞെടുപ്പ് നടക്കുകയാണല്ലോ. ആരെയും അവഗണിക്കാതെ എല്ലാവർക്കും നേതൃത്വ നിരയിൽ വരാനുള്ള അവസരം നല്കാനാണ് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ വഴിയുള്ള തിരഞ്ഞെടുപ്പ് നാം നടപ്പിലാക്കിയത്. എന്നാൽ വിമർശനങ്ങളും മറ്റു പ്രയാസങ്ങളും ഭയന്ന് പക്വതയുള്ള ധാരാളംപേർ നേതൃത്വനിരയിൽ നിന്നും ഒഴിഞ്ഞു മാറി നിൽക്കുകയും പക്വതയില്ലാത്ത പലരും അധികാര സ്ഥാനങ്ങളിൽ കടന്നു വരികയും ചെയ്യുന്നത് പലപ്പോഴും ഇടവകകളുടെ വിശ്വാസതലത്തിലുള്ള വളർച്ചയേയും വിശുദ്ധീകരണത്തെയും പ്രതികൂലമായി ബാധിക്കാറു - l. ഓരോ ഇടവകയിലും യോഗ്യതയുള്ളവരെ അവിടുത്തെ ജനങ്ങൾക്കറിയാം. നിക്ഷിപ്ത താൽപര്യങ്ങളും വെറും മാനുഷികമായ പരിഗണനകളും മറന്ന് യേശുവിന്റെ പ്രബോധനങ്ങൾക്കനുസരിച്ച് ഇടവകയെ നയിക്കാൻ കഴിവുള്ളവരെ തെരഞ്ഞെടുക്കുവാൻ ഇടവക ജനങ്ങൾ ശ്രദ്ധിക്കണം. നിരീശ്വരവാദികളോ അത്തരം പ്രസ്ഥാനങ്ങൾക്ക് കൂട്ടുനിൽക്കുന്നവരോ ഒരു കാരണവശാലും ഇടവക നേതൃത്വത്തിലേയ്ക്ക് കടന്നുവരാൻ നാം അനുവദിക്കരുത്. ഉദ്ദേശശുദ്ധിയില്ലാതെ സഭാനേതൃത്വ നിരകളിലേയ്ക്ക് നുഴഞ്ഞുകയറുന്നവർക്കും അപ്രകാരമുള്ളവരെ തെരഞ്ഞെടുക്കുന്നവർക്കും ഒരിക്കൽ ദൈവത്തിന്റെ മുന്നിൽ വലിയ കണക്ക് ബോധിപ്പിക്കേ - llവരും. അതിരൂപത നിയമാവലി അനുസരിച്ചുള്ള തെരഞ്ഞെടുപ്പിനായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ ഈ ഒക്ടോബർ മാസം തന്നെ ആരംഭിക്കുകയാണ്. എല്ലാവരും ആത്മാർത്ഥമായി സഹകരിക്കുക.

6. ജപമാല ഭക്തി പ്രോത്സാഹിപ്പിക്കുവാനും കുടുംബങ്ങളിൽ പ്രാർത്ഥനാരൂപി വളർത്തുവാനും പ്രത്യേകം പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു മാസമാണല്ലോ ഒക്ടോബർ മാസം. സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം യേശുവിന്റെ ജീവിത രഹസ്യങ്ങളുടെ ധ്യാനത്തിലൂടെ വചനാനുഭവത്തിൽ വളരുവാൻ സഹായിക്കുന്ന ഏറ്റവും ഫലപ്രദമായ മാർഗമാണ് ജപമാലഭക്തി. നിർഭാഗ്യവശാൽ ഇന്നത്തെ മാധ്യമങ്ങളുടെ അതിപ്രസരം കാരണം കുടുംബ പ്രാർത്ഥന ചൊല്ലുന്ന ഭവനങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതായിട്ടാണ് സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നത്. മാതാവിന്റെ പേരിൽ സ്ഥാപിതമായിരിക്കുന്ന വിവിധ ഭക്തസംഘടനകൾ ഈ ഒക്ടോബർ മാസം ഭവനങ്ങൾ സന്ദർശിച്ച് ജപമാലഭക്തി പ്രോത്സാഹിപ്പിക്കുവാനും കുടുംബങ്ങളിൽ പ്രാർത്ഥനാരൂപി വളർത്തുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മരിയ സൈന്യത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം അവസാനം നടക്കുന്ന ജപമാല റാലിയിലും

ചെറുവെട്ടുകാട് സെന്റ് സെബാസ്റ്റ്യൻ ഗ്രൗണ്ടിൽ നടക്കുന്ന സമാപന ചടങ്ങുകളിലും സൗകര്യമുള്ള എല്ലാവരും സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

7. ഇക്കൊല്ലവും നമ്മുടെ എല്ലാ ഇടവകകളും മിഷൻ ഞായറാഴ്ച്ചയോടനുബന്ധിച്ച് ഉദാരമായ സംഭാവനകൾ നൽകുമെന്ന് എനിക്കുറപ്പുണ്ട്. കഴിഞ്ഞ മിഷൻ ഞായറാഴ്ച്ച എല്ലാ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച മൊത്തം തുക 29,77,450/- (ഇരുപത്തി ഒൻപതു ലക്ഷത്തി എഴുപത്തി ഏഴായിരത്തി നാനൂറ്റി അൻപതു) രൂപയാണ്. മുൻ കൊല്ലത്തെക്കാൾ അഞ്ചു ലക്ഷത്തിലധികം രൂപയുടെ വർദ്ധനവുണ്ട്. പതിവുപോലെ ഏറ്റവും കൂടുതൽ സംഭാവനകൾ നൽകിയ 10 ഇടവകകളുടെയും ആളോഹരി ക്രമത്തിൽ ഏറ്റവും കൂടുതൽ സംഭാവനകൾ നൽകിയ 10 ഇടവകകളുടെയും മൂന്നു സ്ഥാപനങ്ങളുടെയും പട്ടിക ചുവടെ ചേർക്കുന്നു.

## മിഷൻ ഞായർ - 2007

**1. ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 10 ഇടവകകൾ**

| നം. | ഇടവക | തുക |
|---|---|---|
| 1. | പാളയം | 3,71,175.00 |
| 2. | പുത്തൻതോപ്പ് | 2,19,407.00 |
| 3. | വെട്ടുകാട് | 1,26,394.00 |
| 4. | പുതിയതുറ | 1,21,942.00 |
| 5. | പേട്ട | 1,05,000.00 |
| 6. | കണ്ണാന്തുറ | 1,02,583.00 |
| 7. | വിഴിഞ്ഞം | 1,00,000.00 |
| 8. | വലിയവേളി | 86,000.00 |
| 9. | വലിയതുറ (സെന്റ് ആന്റണീസ്) | 63,325.00 |
| 10 | കൊച്ചുവേളി | 60,801.00 |

**2. ആളോഹരി ക്രമത്തിൽ ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 10 ഇടവകകൾ**

| നം. | ഇടവക | തുക |
|---|---|---|
| 1. | പുത്തൻതോപ്പ് | 69.78 |
| 2. | മണക്കാട് | 69.77 |
| 3. | കുറവൻകോണം | 60.84 |
| 4. | നന്തൻകോട് | 56.30 |
| 5. | പാളയം | 52.13 |
| 6. | പുന്നയ്ക്കാമുകൾ | 39.72 |
| 7. | പേട്ട | 39.20 |

| | | |
|---|---|---|
| 8. | വെള്ളയമ്പലം | 38.11 |
| 9. | വർക്കല | 37.75 |
| 10 | കാഞ്ഞിരംപാറ | 37.17 |

| **3. ഏറ്റവും കൂടുതൽ തുക സംഭാവന ചെയ്ത 3 സ്ഥാപനങ്ങൾ** | | |
|---|---|---|
| **നം.** | **ഇടവക** | **തുക** |
| 1. | സെന്റ് ഫിലോമിനാസ് H.S, പൂന്തുറ | 35,000.00 |
| 2. | സെന്റ് ഹെലൻസ് H.S.S., ലൂർദ്ദുപുരം | 27,001.00 |
| 3. | സെന്റ് റോച്ച്സ് H.S., തോപ്പ് | 25,644.00 |

ഉദാരമായി സംഭാവനകൾ നൽകിയ എല്ലാവരെയും ഒരിക്കൽ കൂടി ഹാർദ്ദവമായി അഭിനന്ദിക്കുന്നു. ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

† സൂസപാക്യം എം.
തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത